**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.898

10.06.2019-ൽ മറുപടിയ്ക്ക്.

**കോട്ടൂർ വനത്തിൽ ആനവേട്ടക്കാരുടെ തോക്കിനിരയായി ചരിഞ്ഞ ആന**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ് | അഡ്വ.കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കോട്ടൂർ വനത്തിൽ ആനവേട്ടക്കാരുടെ തോക്കിനിരയായി ചരിഞ്ഞ ആനയെ സംഭവം പുറത്തറിയിക്കാതെ വനപാലകർ കത്തിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) നെയ്യാർ-അഗസ്ത്യ വനമേഖലയിൽ വേട്ടസംഘം സജീവമാണെന്നതും ഉൾവനങ്ങളിൽ വന്യമൃഗങ്ങളെ വേട്ടയാടുന്നുവെന്നതും ഗൗരവമായി കണക്കിലെടുത്ത് വേട്ടക്കാർക്കെതിരെ നടപടി കർശനമാക്കുമോ? | (സി) വന്യമൃഗവേട്ട തടയുവാൻ വനസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. വന്യമൃഗ വേട്ടയോ, വന്യമൃഗ വേട്ടയ്ക്കുള്ള ശ്രമമോ കണ്ടെത്തിയാൽ നിയമാനുസരണം നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ